**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 557** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേരള മത്സ്യലേല വിപണന ഗുണനിലവാര പരിപാലന നിയമം ഓർഡിനൻസായി പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തിന്റെ ആദ്യവിൽപ്പനാവകാശം ഉറപ്പ വരുത്തുന്നതിനും മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിന് വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ് 2020 സെപ്റ്റംബർ 22-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും 23.09.2020 ന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഓർഡിനൻസ് 09.02.2021, 03.07.2021 എന്നീ തീയതികളിലായി പ്രൊമുൾഗേറ്റ് ചെയ്തുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം 10.02.2021- ന് കേരള സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ കരട് ചട്ടം രൂപീകരണ ഘട്ടത്തിലാണ്. |
| (ബി) | കേരളത്തിന്റെ ബ്ലൂ ഇക്കോണമി പരിപോഷിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റേതായി ബ്ലൂ ഇക്കോണമി നയം നിലവിലില്ല. ഇന്ത്യയുടെ നീല സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കരട് നയ ചട്ടക്കൂടിൽ പരാമർശിച്ചിട്ടുള്ള വിവിധ ശുപാർശകളിൽ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം തയ്യാറാക്കി വരുന്നു. |
| (സി) | ട്രോളിംഗ് കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളി കൾക്കും അനുബന്ധത്തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിച്ച വരുന്നു. ഇതു കൂടാതെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളി കൾക്ക് 4500/- രൂപ ധനസഹായം നൽകുന്നു. ഇതിൽ 1500/- രൂപ കേന്ദ്ര വിഹിതവും 1500/- രൂപ സംസ്ഥാന വിഹിതവും 1500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. |

| | | | |
|---|---|---|---|
| (ഡി) | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി സബ് സിഡി നിരക്കിൽ ഇന്ധനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | നിലവിൽ മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന മത്സ്യബന്ധന യാനങ്ങൾക്ക് സബ്സിഡി നിരക്കിൽ നിശ്ചിത അളവ് മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്. മത്സ്യഫെഡിന്റെ ബങ്കുകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ